# മലയാളി ഹീമോഫീലിയ രോഗിക്ക് അപൂർവ ഹൃദയ ശസ്ത്രക്രിയ

**ചെന്നൈയിൽ ശസ്ത്രക്രിയയ്ക്കു നേതൃത്വം നൽകിയത് മലയാളിയായ ഡോ. വി.വി. ബാഷി; 1.25 കോടിയിൽ 90 ലക്ഷം രൂപ നൽകിയത് ഹീമോഫീലിയ സൊസൈറ്റി**

**ചെന്നൈ●** മലയാളിയായ ഹീമോഫീലിയ രോഗിയുടെ ഹൃദയധമനിയിലെ അന്യൂറിസവും (ധമനി ഭിത്തി ദുർബലമാകുന്നതിനെ തുടർന്നു വീർത്തുപൊങ്ങുന്ന അവസ്ഥ) ഹൃദയവാൽവിലെ ചോർച്ചയും പരിഹരിക്കാൻ മലയാളി ഹൃദയശസ്ത്രക്രിയാ വിദഗ്ധൻ ഡോ. വി.വി. ബാഷിയുടെ നേതൃത്വത്തിൽ അപൂർവ ശസ്ത്രക്രിയ. ഹൃദയം തുറന്നുള്ള ശസ്ത്രക്രിയ ഹീമോഫീലിയ രോഗികളിൽ മുൻപും നടത്തിയിട്ടുണ്ടെങ്കിലും ഇത്തരത്തിൽ സങ്കീർണ ശസ്ത്രക്രിയ ലോകത്തു മറ്റെങ്ങും നടത്തിയതായി റിപ്പോർട്ടില്ലെന്നു മിയോട്ട് ആശുപത്രി അറിയിച്ചു.



ബിനു, ഡോ. വി.വി.ബാഷിക്കൊപ്പം

ഒന്നേകാൽ കോടി രൂപ ചെലവുള്ള ശസ്ത്രക്രിയയ്ക്ക് 90 ലക്ഷം രൂപ നൽകിയതു ഹീമോഫീലിയ സൊസൈറ്റിയാണ്. അങ്കമാലി സ്വദേശി ബിനുവിന് (38) മാർച്ച് 23ന് ആയിരുന്നു ശസ്ത്രക്രിയ.

ലോഹ വാൽവോ ജൈവ കൃത്രിമ വാൽവോ ഉപയോഗിക്കാതെ, അന്യൂറിസം ശസ്ത്രക്രിയയോടൊപ്പം രോഗിയുടെ വാൽവിലെ കേടുപാടുകൾ പരിഹരിക്കുകയാണു ചെയ്തതെന്നു ഡോ. ബാഷി പറഞ്ഞു. ഹീമോഫീലിയ രോഗികളിൽ ചെറിയ ശസ്ത്രക്രിയ നടത്തിയാൽ പോലും കടുത്ത രക്തസ്രാവം ഉണ്ടാകുകയും ജീവനു ഭീഷണിയാകുകയും ചെയ്യും. അതുകൊണ്ടുതന്നെ ഹൃദയ- ശ്വാസകോശ യന്ത്രത്തിന്റെ സഹായത്തോടെയാണ് ഏഴുമണിക്കൂർ നീണ്ട അതിസങ്കീർണ ശസ്ത്രക്രിയ നടത്തിയത്. ഡോ. അജു ജേക്കബും ഹീമറ്റോളജിസ്റ്റ് ഡോ. ചെഴിയൻ സുഭാഷും അനസ്തീസിയ സംഘത്തിനു നേതൃത്വം നൽകി.